
# WIRED



little KITEs

# *DIGITAL MAGAZINE*

ST JOSEPH 'S HSS KIZHAKKAMBALAM

# WIRED

# ST JOSEPH 'S HSS KIZHAKKAMBALAM

*DIGITAL MAGAZINE*




# WIRED

Prepared By

LITTLE KITE UNIT

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| രക്ഷാധികാരി | - ശ്രീമതി ഗ്രേയ്സി ജോസഫ് |
| | [ഹെഡ്മിസ്ട്രസ്] |
| ചീഫ് എഡിറ്റർ | - പൂജ സാബു |
| സബ് എഡിറ്റർ | - ബേസിൽ വർഗീസ് |
| കമ്മറ്റി അംഗങ്ങൾ | - ആൽബർട്ട് ജോണി |
| | മുഹമ്മദ് അൻസൽ |
| | ആദില ഇബ്രാഹിം |
| | നിബിയ തമ്പി |




## ഇതളുകൾ വിരിയുമ്പോൾ


എഡിറ്റോറിയൽ ബോർഡ്..........4
..........5
മുഖമൊഴി..........6
സന്ദേശം..........8
ആശംസ..........9
വിദ്യാഭ്യാസ കാലഘട്ടം സുവർണ്ണ കാലഘട്ടം..........10
ഹരിതവിദ്യാലയം..........14
നവകേരളസൃഷ്ടിക്കായ്..........16
താരനിലാവ്..........26
കടംകഥ..........27
നവജീവൻ..........28
Obey road safety measures..........30
let's save life from roads..........30
മഹത് വചനങ്ങൾ..........33
സ്നേഹസൗഹൃദം..........34
ഇന്റർനെറ്റ് സാധ്യതകളും അപകടങ്ങളും..........36
ുവൽസ്പർശം..........39
സമുദ്രസൗന്ദര്യം..........41
ഭീതിയുടെ നിഴലിൽ..........50
ലോകനന്മക്കായ്..........52
ുരു ശിഷ്യബന്ധം..........53
കണ്ടുപിടുത്തങ്ങൾ..........59
കശാപ്പുക്കാരന്റ കാരുണ്യം..........61
അമ്പിളി കുന്ന്..........63
മഹത് വചനങ്ങൾ..........65
പഴഞ്ചൊല്ലുകൾ..........67
നന്ദിയോടെ..........70




# മുഖമൊഴി




അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽസാങ്കേതികവിദ്യഒരുവ്യക്തിയെമാത്രമല്ലഒരുസമൂഹത്തെതന്നെയാണ് ഇന്ന് വളർത്തിയെടുക്കുന്നത്. പണ്ടത്തെ ജീവിതത്തെ അപേക്ഷിച്ച് ഇന്നത്തെജീവിതത്തിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പുരോഗമനങ്ങൾ ഏറെസ്വാധീനംചെലുത്തിfacebook,whatsapp,internet,മുതലായസോഷ്യൽമീഡിയകളുംsmartphone,laptop,tab മുതലായഡിജിറ്റൽഉപകരണങ്ങളും ലോകത്തിൽ നിന്നു തന്നെ പറിച്ചുമാറ്റാൻ കഴിയാത്ത ഘടകങ്ങളായി മാറിക്കഴിഞ്ഞു. കത്തിൽ നിന്നു തുടങ്ങി smart phone വരെ എത്തിനിൽക്കുന്നു ലോകം. വിദ്യാഭ്യാസരംഗത്തിന് മുന്നോടിയായി ഇന്ന് ഓരോ ക്ലാസ് മുറികളിൽ ഇന്ന് സ്ഥാപിച്ചിട്ടുള്ള projector പോലുള്ള ഉപകരണങ്ങൾ കുട്ടികളുടെ ചിന്താശേഷി വർദ്ധിപ്പിക്കുക മാത്രമല്ല പഠനംലളിതമാക്കുകയും ചെയ്യുന്നു. ഇത്തരം പരിഷ്കരണങ്ങൾ ഒരു പുത്തൻ തലമുറയെ തന്നെയാണ് വാർത്തെടുക്കുന്നത്.

ഓരോദിനംഉദിക്കുകയുംഓരോരോപുരോഗമനങ്ങൾക്കും തുടക്കം കുറിക്കുകയാണ് ലോകം.പണ്ട് അറിവിനായി പുസ്തകങ്ങളെയും മറ്റും ആശ്രയിക്കുന്നു.ഇന്നത്തെ  തലമുറ ഞൊടിയിടയിൽ കാര്യങ്ങൾ സാധ്യമാക്കുന്നു. ഇന്നത്തെ സമൂഹത്തിൽ എല്ലാം സുഗമമായി നടന്നു പോകുന്നതിന്റെ പ്രധാന പങ്കും  സാങ്കേതിക വിദ്യയുടെ വളർച്ച തന്നെയാണ്. ഈ പരിഷ്കൃത ലോകത്ത് പരിഷ്കൃതമാകുന്നതിന് ഉത്തമ മാത്രക കൂടിയാണ് ഡിജിറ്റൽ സാങ്കേതികവിദ്യ.

ഇന്ന് വിദ്യാലയങ്ങളിൽ രൂപം കൊണ്ട little kites പോലുള്ള കൂട്ടായ്മകൾ സാങ്കേതിക വിദ്യ ആഴത്തിൽ പഠിക്കുന്നതിന് ഒരു പ്രലോഭനം കൂടിയാണ്. വിവര വിനിമയ സാങ്കേതികരംഗത്ത് വന്ന ഈ പടയോട്ടം ലോകചരിത്രത്തിൽ തന്നെ സൃഷ്ടിച്ചു കഴിഞ്ഞു.

വിവര സാങ്കേതിത വിദ്യയുടെ പുത്തൻ പടവുകളിലേക്ക്  ചവിട്ടി കയറാൻ ഞങ്ങൾ ആരംഭിച്ചിരിക്കുന്നു. ഈ എളിയ ഉദ്യമം നിങ്ങൾക്കും പ്രജോദനമായെങ്കിൽ ഇതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഒത്തിരി സ്നേഹത്തോടെ

പൂജ സാബു

(ചീഫ്എഡിറ്റർ)

# സന്ദേശം



പ്രിയ കട്ടികളെ,

അറിയാനം അറിയിക്കാനമുള്ള മനഷ്യന്റെ അദമ്യമായ ആഗ്രഹമാണ് ഓരോ കലാസൃഷ്ടിയുടെയും പിന്നിലുള്ള ചേതോവികാരം വിദ്യാർത്ഥികളായ നിങ്ങളെ സംബന്ധിച്ചിടത്തോളം പഠനത്തിനിടയിലെ

മാനസികോല്ലാസമാണത്. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ അഭിവൃദ്ധി പ്രാപിച്ചിരിക്കന്ന ഈ അവസരത്തിൽ നിങ്ങളിൽ ഒളിഞ്ഞു കിടക്കന്ന സർഗ്ഗാത്മക കഴിവുകളെ തട്ടിയുണർത്താൻ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരുക്കന്ന ഈ അമൂല്യ സന്ദർഭത്തെ അഭിമാനത്തോടെ

സ്മരിക്കന്നു. ഹൈടെക് യുഗത്തിലെ കട്ടികൾ എന്ന നിലയിൽ നിങ്ങളുടെ ചില കലാ സാഹിത്യ സങ്കൽപ്പങ്ങൾക്ക് പുത്തൻ ചാരുത പകരുന്ന ഈ ഡിജിറ്റൽ മാസികയ്ക്ക് എല്ലാആശംസകളും നേരുന്നു.

ഫാ അലക്സ് കാട്ടേഴത്ത്

(മാനേജർ)



# ആശംസ

ആധുനിക ലോകം വളർച്ചയിൽ നിന്നും വളർച്ചയിലേക്ക്. കമ്പ്യൂട്ടറും ഇന്റർനെറ്റും തലമുറയ്ക്ക് ഒഴിച്ചു കുടിക്കാനാകാത്ത ഒന്നായി മാറി കഴിഞ്ഞു. മൊബൈലും മറ്റ് ശാസ്ത്ര സാങ്കേതിക വിദ്യകളും ഇളം തലമുറയെ വേട്ടയാടി കഴിഞ്ഞു. വിവരസാങ്കേതിക വിദ്യയുടെ ലഭ്യത ഇന്നത്തെ തലമുറയെ ഒരു ഹൈടെക് യുഗമാക്കി മാറ്റിയിരിക്കുന്നു. ഈ അവസരത്തിൽ കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സർഗ്ഗാത്മക കഴിവുകൾക്ക് പുതിയൊരു വെളിച്ചം പകരാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കുന്ന ഡിജിറ്റൽ മാസികയുടെ എല്ലാ വിജയാശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും നിങ്ങൾക്ക് നേതൃത്വം നൽകിയ സിസ്റ്റർ റൊസാന്റോയ്ക്കും ജോഷി സാറിനും പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സ്നേഹപൂർവ്വം

ഗ്രേസി ജോസഫ്

(ഹെഡ്മിസ്ട്രസ്)

# വിദ്യാഭ്യാസ കാലഘട്ടം സുവർണ്ണ കാലഘട്ടം

**ഉണ്ണിറാണി ജോസഫ്**

ജീവിതത്തിലെ നിർണ്ണായക കാലഘട്ടമാണ് വിദ്യാഭ്യാസകാലം. ഒരു വ്യക്തിയെ അതിന്റെ തനിമയിൽ വാർത്തെടുക്കുന്ന പ്രക്യയയാണ് വിദ്യാലയത്തിൽ നടക്കുക. അവൻ ആരായിത്തീരണംഎന്ന്തീരുമാനത്തിലെത്തിക്കുന്ന കാലഘട്ടമാണിത്

ശാരീരികവും,സാമൂഹികവും,സാഹിത്യപരവുമായ കഴിവുകളെ വളർത്തി വലുതാക്കാനുള്ള സുന്ദരവേദിയാണിത്. വിദ്യാഭ്യാസം തങ്ങളുടെ ബാഗിലെ പുസ്തകങ്ങൾ മുഴുവൻ പഠികച്ചുതീർക്കാൻ മാത്രമുള്ളതല്ല. മറിച്ച്, കുട്ടിയുടെ സർവതോന്മുഖമായവികസനവുംസംസ്കാരസമ്പന്നമായവ്യക്തിത്ത്വത്തിന്റെസമഗ്രവളർച്ചയുമാണ്.ഈശ്വരസൃഷ്ടികളിൽ ഏറ്റവും മനോഹരസൃഷ്ടിയായ മനുഷ്യൻ അവനിൽ കുടിക്കൊള്ളുന്ന സർഗ്ഗശക്തികളെ മൃഗതുല്യമാക്കാനും ദേവതുല്യമാക്കാനും പര്യാപ്തമായ കാലഘട്ടം.

രാഷ്ട്രീയവിമുക്തമായ ഒരു സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചത് വിദ്യാർയത്ഥികളെ സംബന്ധിച്ച് ഒരു നല്ല തുടക്കമാണ്. എന്നാൽ അതിന്റെ പിന്നാലെ തന്നെ ഈ അടുത്തകാലത്തായി കുട്ടികളിൽ വളർന്നുവരുന്ന ഒരു പുതിയ സംസ്ക്കാരമാണ്. ടി വി സംസ്ക്കാരം. കുഞ്ഞുമനസ്സുകളെ വളരെവേഗം



സ്വാധീനിക്കുന്ന ഒരു മാധ്യമസംസ്കാരം വേറയില്ല എന്നു പറയാം. അപകടമായ മനസ്സിനെ ഏതു തരത്തിലേക്കും തിരിച്ചു വിടാനും വേരുപ്പിടിപ്പിക്കാനും ഈ മാധ്യമങ്ങൾ

പര്യാപ്തമാണ്.ഇതിനെയെല്ലാം വ്യക്തമായി വേർതിരിക്കാനും തിന്മയെ ശക്തിയായി എതിർക്കുവാനും കഴിവുള്ളവരായിത്തീരണം

വിദ്യാർത്ഥിസമൂഹം. സമൂഹത്തെ വാർത്തെടുക്കുന്ന ഉലയാണ്

വിദ്യാലയം. മെനഞ്ഞെടുക്കുന്ന ശില്പങ്ങൾ മേന്മകുറഞ്ഞതായാൽ അത്പ്രയോജനമില്ലാതാവുന്നുഎത്രയുംമഹത്തരമായശില്പിയുടെആ

ത്മാവിഷ്കാരമായിരിക്കണം. നമ്മുടെ ചിന്തയിലൂടെയും പ്രവർത്തിയിലൂടെയും പ്രകാശിപ്പിക്കുന്ന ഏകീക്രതമായ ഭാവത്തെ

സ്വഭാവം എന്നു പറയാം. ഈ സ്വഭാവരൂപീകരണം വീടുവിട്ടാൽ

പിന്നെ പ്രാപ്യമാക്കേണ്ടത് വിദ്യാലയ അന്തരീക്ഷത്തിലാണ്.

സങ്കീർണ്ണമായപരിസ്ഥിതികളുമായിഅനുരജ്ജനംസിദ്ധിക്കു ന്നതിനാവശ്യമായ വ്യക്തിയുടെ ഉന്മേഷമുള്ള മാനസികസംവിധാനം

,അറിവ്,ശീലങ്ങൾ പെരുമാറ്റം,ആദർശനം

തുടങ്ങിയവയെല്ലാം നിറയേണ്ട കാലമാണിത്. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രത്യേകമായി കുട്ടിയുടെ

സ്വഭാവ രൂപീകരണത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ടതാണ്. അസന്മാർഗ്ഗിക പന്ഥാവിലേക്ക് പദമൂന്നാൻ പറ്റിയ ഈ

പ്രായത്തിൽ ജിജ്ഞാസ, നിരീക്ഷണ പാടവം ഇങ്ങനെ വിവിധ ചിന്തകളാൽ നിയുന്ന ഇളം മനസ്സിനെ തിരുത്തി നേർവഴിയിലേക്ക് നടത്തുക എന്ന ഉത്തരവാദിത്വമുള്ള

ജോലിയാണ് അധ്യാപകന്റേത്. അധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ മായ്ക്കാനാവാത്ത ഒരു ആത്മബന്ധമാക്കാൻ ഗുരുകുല വിദ്യാഭ്യാസം ഇനിയും

വേണ്ടിവന്നേക്കും. മഹത്ഗ്രന്ഥങ്ങളിലും മറ്റും പരാമർശിക്കുന്ന മനുഷ്യബന്ധം വേരറ്റുപോയി എന്നതാണ്

സത്യം.കാനനഛായകളിലിരുന്ന് ഗുരുവിന്റെ വായിൽ നിന്ന് അടർന്ന് വീഴുന്ന അറിവ് സ്വീകരിച്ച്

വിജ്ഞാരായിത്തീർന്നിട്ടുള്ള തലമുറ. തനിക്കേറ്റവും ആവശ്യമായ പെരുവിരൽ ഗുരുവിന്റെ ആഗ്രഹത്തിന് മുന്നിൽ മറിച്ചൊന്നും ചിന്തിക്കാതെ അറുത്തുക്കൊടുക്കുന്ന ഏകലവ്യനെ ഇന്നാരും ഓർക്കുന്നില്ല.

ആർഷഭാരതം എന്നൊക്കെ നാം വീമ്പിളക്കുമ്പോഴും നമ്മുടെ ഒക്കെ ഉള്ളിൽ പുത്തൻസംസ്കാരത്തിന്റെ അലയടികളാണ് ഉയരുന്നത്. എന്തിനേയും വിപരീത

അർത്ഥത്തിൽ കാണുവാനുള്ള സങ്കുചിത മനസ്സ് മൂല്യശോഷണത്തിലേക്ക് കുപ്പുകുത്തുന്നു. ഏതൊരു വിദ്യാർത്ഥിക്കും തന്റെ വിദ്യാലയ ജീവിതം ഒരിക്കലും മറക്കാനാവാത്ത ചിത്രങ്ങൾ പതിയുന്നതരത്തിലുള്ള വിദ്യാലയജീവിതത്തെനമുക്കു മനസ്സിന്റെ കോണിൽ കൊണ്ടു നടക്കാം.

"ഒരുവട്ടംകൂടിയപഴയവിദ്യാലയത്തിനുമുറ്റത്തെത്തുവാൻ മോഹം" എന്ന് ശ്രീ. ഓ. എൻ. വി പാടിയത് ഇതു കൊണ്ടുതന്നെയാകാം. ഓരോ കുട്ടിയുടെ മനസ്സിൽ ഈ വരികൾ ആവർത്തിച്ചു ചൊല്ലാൻ അവസരം ഉണ്ടാകട്ടെ. മൂന്നാംസഹസ്രാബ്ദംനമ്മുക്കിതുപോലൊരുസുവർണ്ണകാലഘട്ടം പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കാം. വിദ്യാലയ കാലം നമ്മെ വെളിച്ചത്തിലേക്കു നയിക്കുന്ന വിളക്കായിത്തീരട്ടെ.



# ഹരിതവിദ്യാലയം

ശ്രീക്കുട്ടി എ കെ

മാവുകൾ പൂത്തു മണം പരക്കേ

അണ്ണാറക്കണ്ണനും കാക്കകളും
പച്ചക്കുടയായി വൃക്ഷങ്ങളാ
വൃക്ഷത്തിൽ കീഴിൽ മനുഷ്യരുമേ......

പാടിപ്പടിക്കുവാനോടി വന്നു
ആടിക്കളിക്കുവാൻ കൂട്ടുവന്നു
അണ്ണനും കാക്കയും
കലഹമായി തമ്മിൽ.....

താലോലമാട്ടുന്ന വല്ലികളും
താളം പിടിക്കുന്ന നെല്ലികളും
കാണുവോർക്കെല്ലാം രസം പകർന്ന്
എന്നുടെ സുന്ദര വിദ്യാലയം





# <u>നവകേരളസൃഷ്ടിക്കായ്</u>

ഫാത്തിമ നസ്റിൻ

ഒരു കാലത്ത് ഐശ്വര്യവും സമ്പത്ത്സമൃദ്ധിയും നിറഞ്ഞ് നിലകൊണ്ടിരുന്ന കേരളമെന്ന കൊച്ചുനാടിന്റെ മഹാത്മ്യം നാമേവരും ഓർമ്മിക്കപ്പെടുന്നത് കേരളപ്പിറവിയായി നാം കൊണ്ടാടുന്ന നവംബർ ഒന്ന് എന്ന വിശിഷ്ടദിനത്തിൽ മാത്രമായിരുന്നു. ആദർശസുന്ദരമായ നാട് ഇന്ന് വെറും സങ്കൽപം മാത്രം. ആനന്ദവും ആത്മാഭിമാനവും ഭയാശങ്കയില്ലാത്തതും നന്മനിറഞ്ഞതുമായ

സ്വർഗതുല്യമായജീവിതമായിരുന്നമലയാളനാടിന്റെഅന്തഃസത്ത.കഴിഞ്ഞുപോയ ആ നല്ല നാടിന്റെ മനോഹര ചിത്രം ഓർമ്മിക്കുകഎന്നതുംസുന്ദരമായഭാവിയുടെരൂപരേഖതയ്യാറാക്കുന്നതിന്പരിശ്രമിക്കുക എന്നതുമാണ് ഓരോ കേരളപ്പിറവിദിനം കൊണ്ടും മലയാളികൾ ലക്ഷ്യമിടുന്നത്. കേരളനാടിന്റെ പഴയകാല സ്മരണകളിലേക്ക് പോകുന്ന ഉത്തമരായ മലയാളികൾ ഭാവി കേരളത്തെയും സ്വപ്നം കാണുന്നു.

മതത്തിന്റെയുംജാതിയുടെയുംവ്യത്യാസമില്ലാതെ എല്ലാവരും ഒന്നായി നിലകൊണ്ട കേരളം ഇന്ന് നമുക്ക് അപരിചിതവും അന്യവുമാണ്.മതത്തിന്റെയും ജാതിയിടെയും വർഗത്തിന്റെയും വർണത്തിന്റെയും വിവേചനങ്ങൾ മറന്ന് മനുഷ്യൻ ഒന്നാണെന്ന ബോധ്യത്തിലേക്ക് മലയാളനാടിന്റെ മക്കൾ കടന്നു വരണം. ദൈവപിതാവിന്റെ മക്കളായ നാം സ്നേഹത്തിന്റെയുംസാഹോദര്യത്തിന്റെയുംസത്യത്തിന്റെയും മാർഗത്തിൽജീവിക്കേണ്ടവരാണ്കേരളത്തിന്റെപുരോഗതി ലക്ഷ്യമിടുന്നവരായിരിക്കണം മലയാളികളായ നാം.

മനുഷ്യൻ മനുഷ്യനെയുംസമൂഹത്തെയും മനസിലാക്കിജീവിക്കുമ്പോഴാണ്അപരന്റെബലഹീനതയിൽ താങ്ങുംതണലുംമനസിനുംകരുത്തുംലഭിക്കുകയുള്ളൂ.പരസ്പരസാഹോദര്യവും വിശ്വാസവും ആത്മധൈര്യവുമുള്ള വ്യക്തികൾ കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്നു.

കേരളത്തിന്റെ  പുരോഗതിക്കായ് നാം

ലക്ഷമിടേണ്ട വസ്തുതകളിൽ ഒന്ന് മനുഷ്യസഹോദര്യം തന്നെയാണ്.




മനുഷ്യസാഹോദര്യം നഷ്ടപ്പെട്ട മതാചാരങ്ങൾ അർഥശൂന്യമാണെന്ന് തന്നെ പറയാം. മതത്തിന്റെ പേരിൽ മൽസരവും വൈരാഗ്യവും സ്പർധയും ഒക്കെ ലക്ഷ്യമാക്കുന്നവർ കേരളത്തിന്റെ സാംസ്കാരികമൂല്യത്തെ തച്ചുടയ്ക്കുകയാണ് ചെയ്യുന്നത്സ്നേഹവുംക്ഷമയുംസത്യസന്ധ്യതയുംസഹിഷ്ണുതയും സാഹോദര്യവും സഹകരണവും ജീവിതഭാവമാക്കുവാനാണ് നാംശ്രമിക്കേണ്ടത്കേരളംഎന്നആശയംലക്ഷ്യമാക്കുന്നത്എല്ലാജനവിഭാഗങ്ങളുംക്ഷേമൈശ്വര്യങ്ങളുംവികസനവുമാണ്.


ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും തലയെടുപ്പോടു കൂടി നിലനിന്നിരുന്ന സംസ്ഥാനമായിരുന്ന

കേരളം ഇന്ന് പല വികസനങ്ങളും ലക്ഷ്യമാക്കി കേരളത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ ദുരുപയോഗം ചെയ്തുകഴിഞ്ഞിരിക്കുന്നു.

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മയെ കുറിച്ചാണ് നാം ഇനി ചിന്തിക്കുന്നത്. തൊഴിലില്ലായ്മ കൊണ്ട് ഒരു വിഭാഗം ജനങ്ങൾ നമ്മുടെ നാട്ടിൽ ജീവിതം വഴി മുട്ടി നിൽക്കുമ്പോൾ തൊഴിൽ നിരതരായ മറ്റൊരു വിഭാഗം ജനങ്ങൾ ആർഭാടജീവിതം കൊണ്ട് കോടികൾ നശിപ്പിക്കുന്ന സംസ്കാരമാണ് ഇന്ന് നമ്മുടേത്. കൈക്കൂലിയും ആഴിമതിയും ചൂതാട്ടവുമൊക്കെ പകർച്ചവ്യാതിപോലെ നമ്മുടെ സമൂഹത്തെ ആകെ ബാധിച്ചിരിക്കുകയാണ്. കേരളജനസമൂഹത്തിൽ ക്ഷേമം ഉറപ്പുവരുത്തുന്നത് നവകേരളമെന്ന ലക്ഷ്യം മുൻനിർത്തി കൊണ്ടായതിനാൽ തൊഴിൽമേഖലയിൽ ഉള്ള എല്ലാത്തരം വിവേചനങ്ങളും ലംഘിക്കപ്പെടേണ്ടത് തന്നെയാണ്. ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും നേടിയ നേട്ടങ്ങൾ സമൂഹത്തിന് ഗുണകരവും ആകണം എങ്കിൽ വ്യക്തിയുടെയും സ്വഭാവ മഹാത്മ്യം കൂടുതൽ രൂപപ്പെടുത്തുകയാണ് ചെയ്യേണ്ടത്. പരസ്പരം അംഗീകാരം നേടിയ വ്യക്തിത്വങ്ങൾക്ക് നാടിന്റെയുംനാട്ടുകാരുടെയും പുരോഗതി ലക്ഷ്യമിടാനും നവകേരളം എന്ന ആശയം സാക്ഷാത്ക്കരിക്കാനും കഴിയും.അലസത സ്വഭാവമാക്കിയ മനുഷ്യൽ നേട്ടങ്ങൾക്ക് വേണ്ടി അക്രമങ്ങൾ ചെയ്യാൻ സന്നദ്ധരാകുമ്പോൾ ജീവിതോന്മേഷം നൽകുന്ന നേട്ടങ്ങൾ സ്വായത്തമാക്കാൻ സന്നദ്ധരായി ചില മലയാളികൾ മാത്രം മിന്നിട്ടിറങ്ങുന്ന കാഴ്ചയാണ് ഇന്ന് നമ്മുടെ നാട്ടിൽ നാം

അഭിമുഖീകരിക്കുന്നത്

സ്നേഹമെന്ന മന്ത്രം സ്മരിപ്പിക്കാൻ നാം ശ്രമിക്കണം. സ്വന്തം മതത്തിൽപ്പെട്ടവരെ മാത്രമല്ല മറ്റു മതവിശ്വാസികളെയും ബഹുമാനിക്കാനും ആദരിക്കാനും നാം പഠിക്കണം. പണസംമ്പാദനത്തിനും മറ്റും മറ്റുള്ളവരെ ചൂഷണം ചെയ്യുന്നവർ  മറക്കുന്ന ഏറ്റവും വലിയ സത്യം കേരളമെന്ന നാടിന്റെയും മൂല്യവത്തായ സംസ്ക്കാരത്തിന്റെ പതനമാണ്.




സ്വന്തം സുഖഭോഗങ്ങൾക്കായ് മറ്റുള്ളവരെ കൊല്ലാനും ചതിക്കാനും മടിയില്ലാത്ത സമൂഹമായി മാറിയാരിക്കുകയാണ് നമ്മുടെ നാട്. പരസ്പരവിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു ജനവിഭാഗത്തിലാണ് നമ്മിൽ ഭ്രരി ഭാഗം പേരും. ദിവസേന നമ്മുടെ നാട്ടിൽ പെരുകുന്ന

അക്രമങ്ങളുടെ കണക്ക് ഏറെ വലുതാണ്. മറ്റു സംസ്ഥാനങ്ങൾക്ക് മുന്നിൽ കേരളം ഇന്ന് ദുഷ്കർമങ്ങളുടെ പട്ടികയിൽ ആയി തീർന്ന പോലെയാണ് ഇന്നത്തെ നമ്മുടെ നാടിന്റെ സ്ഥിതി. വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കാരത്തെ ആധിക്ഷേപിക്കുന്ന വാർത്തകളാണ് നാം ഇന്ന്ദിനംപ്രതി അറിഞ്ഞു ജീവിക്കുന്നത്.

അസത്യത്തിന്റെയും ആക്രമത്തിന്റെയും പിന്നാലെകേരളത്തോടുള്ളആദരവ്എന്നരീതിയിലുംപലതുംഇന്ന്ജനത്തെയുംസമൂഹത്തെയുംചൂഷണംചെയ്യുകയാണ്ധർമ്മവുംഅധർമ്മവുംതിരിച്ചറിയാൻകഴിയാതെപോയിരിക്കുകയാണ്നമ്മുടെനാട്ധർമാധർമങ്ങളുടെഅടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിച്ചു കാണുന്ന ജന സമൂഹമാണ് ഇന്നത്തെ കേരളം. സത്യത്തെ മുറുക്കിപിടിക്കാനും അസ്യത്യത്തെ പെറുക്കുവാനും ഇന്നത്തെ സമൂഹത്തിൽ ഭ്രരിഭാഗവും മറന്നിരിക്കുന്നു. അധർമത്തിന് എതിരെ കണ്ണടച്ച് സ്വയം ലാഭമുണ്ടാക്കുന്നവ സമൂഹത്തിലെ മറ്റു വിഭാഗം ജനങ്ങളുടെ ജീവിതം മന്ദഗതിയിൽ ആക്കുകയാണ് ചെയ്യുന്നത്. അധർമത്തിനെതിരെ ശബ്ദമുയർത്താൻ കരുത്ത് കൈമോശം വന്ന
മലയാളികളാണ്നാമിന്ന്സമൂഹത്തിന്റെപുരോഗതിയ്ക്കായി നമ്മിൽ പലരും ഇന്ന് ആധർമത്തെയാണ് ഉപയോഗിക്കുന്നത് എന്നാണ് നാം മനസിലാക്കേണ്ടത്

സത്യത്തിനും ത്യാഗത്തിനും മുൻഗണന കൊടുക്കാൻ നാം ശ്രമിക്കണം. സത്യാന്വേഷണത്തിനും ത്യാഗമനോഭാവത്തിനും മുൻതൂക്കം നൽകുന്നവരായിരിക്കണം യഥാർത്ഥ

മലയാളികൾ ഭാരതത്തിന്റെ അധ്യാത്മിക പാരമ്പര്യം സമന്വയിപ്പിച്ച് കൊണ്ടായിരിക്കണം ജനങ്ങളുടെ ജീവിതചര്യങ്ങളും. ജനങ്ങളിൽ സ്വഭാവശുദ്ദിയും ല്യബോധവും വളർത്തുവാൻ ശ്രമിക്കണം എന്നത് കേരളത്തിന്റെ നവസ്രഷ്ടിക്ക് അടിസ്ഥാന ലക്ഷ്യമാണ്.     നവകേരളസൃഷ്ടിക്കായ് പുതിയൊരു ജീവിതശൈലി രൂപപ്പെടുത്തുവാൻ നാം ശ്രമിക്കണം. നവകേരളത്തിന്റെ ആദ്യ തുടക്കം എന്ന രീതിയിൽ സംസ്കാരത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുവാൻ മുന്നിട്ടിറങ്ങേണ്ടതുണ്ട്. പരസ്പര സ്നേഹവും വിശ്വസവും അംഗീകാരവും നേടിയെടുക്കാനാണ് നാം തയാറാകേണ്ടത്. സ്വാർഥചിന്തകൾ  വെടിയുവാനാണ് മലയാളികളായ നാം സജ്ജരാകേണ്ടത് ഈശ്വരാനുഗ്രഹം കൊണ്ടും പരിശ്രമശീലം  കൊണ്ടും  മാന്യതയുള്ള വ്യക്തികളാകണം നാം. സ്വന്തം ജീവിതധർമത്തോടൊപ്പം മറ്റുള്ളവരെ സഹായിക്കാനും
പരിഗണിക്കാനും ശ്രമിക്കുക വഴി ഉത്തമരായ വ്യക്തികളാകുകളാണ് നമ്മളോരോരുത്തരും. ധാർമികതയോട് കൂടി ജീവിക്കുന്ന വ്യക്തി നന്മയ്ക്കനുകൂലമായി പ്രവർത്തിക്കുന്നു. മൂല്യങ്ങൾ മുറുകെ പിടിക്കുകയും ശാന്തിയും സ്നേഹവുംദയയുംത്യാഗവുമെല്ലാംസമ്പാദിക്കിന്നതിൽശ്രദ്ദാലു വായമനുഷ്യൻസമൂഹനന്മയ്ക്ക്പ്രാധാന്യംകൊടുക്കുന്നവനായിരിക്കും. അത്തരം വ്യക്തികൾക്ക് കേരളത്തെ പണിതുയർത്താൻ കഴിയും.സംസ്കാരം കൊണ്ടും സാമൂഹീകബോധം കൊണ്ടും സാമൂഹികബോധം കൊണ്ടും നല്ലൊരു വ്യക്തിത്വത്തിന് അടിമയായി നിലകൊള്ളുവാനാണ് നാം

പരിശ്രമിക്കേണ്ടത്.

ആധുനികതയുടെ ലോകത്ത്  ആദർശബോധം കൈവരിച്ച വ്യക്തിത്വങ്ങൾ ഇന്ന് കുറവാണ്. അധർമത്തിന് എതിരെ ശബ്ദമുയർത്തുവാനും അനീതിയ്ക്കെതിരെ പോരാടാനും കരുത്തുറ്റ മനസുകൾ ഇന്ന് ചുരുക്കം മാത്രം.







nimis540.wordpress.com

# താരനിലാവ്

എയ്ന്ന സോയി

തെളിവാർന്നമുറ്റത്ത് താരകൾ പൂത്തു

കൂരിരുൾ  പടരുന്ന നേരമായി

സ്വപ്നങ്ങളൊത്തിരി കണ്ടിടുന്ന

നിന്നുടെ ഇത്തിരി വെട്ടത്തിൽ ഞാനാ

മല്ലികപ്പൂ പോലെ നീ

കൂട്ടമായ് മാനത്ത് നീ വിരിഞ്ഞ

കൗതുകമാർന്ന മിഴികളുമായ്

വിണ്ണിലേക്കുയർന്നു നോക്കി നിന്നു


മഞ്ഞുകാലത്തിൻ താരമായ് നീ

മഞ്ഞാലേ തീർന്നതെന്തെല്ലാമോ..

മഞ്ഞുകാലത്തിൻ നിൻ
വരവിനായ്

കൊതിയോടെ ഞാൻ

കാത്തിരിപ്പൂ..........



# കടംകഥ

1. കറുത്ത തലയുള്ള വെള്ളക്കാരൻ കുത്തിച്ചീറ്റി കുത്തിച്ചാട്ടും.........
2. ഡോക്ടർ വന്നു കുത്തിവെച്ചു കാശുവാങ്ങാതെങ്ങോ പോയി.........
3. കുന്നിൻ മുകളിൽ കുരുട്ടു മുട്ട ഇപ്പോൾ ചെന്നാൽ കൊണ്ടുപോരാം.........
4. നോക്കിയാൽ കാണും പിടിക്കാൻ കിട്ടില്ല.........
5. മുള്ളുണ്ട്, മൂർച്ചയില്ല, കയ്പ്പുണ്ട്, കറിക്കു നന്ന്.........

**ഉത്തരം**

1. തീപ്പെട്ടിക്കൊളി
2. കൊതുക്
3. തേങ്ങ
4. പുക
5. പാവയ്ക്ക


# നവജീവൻ

ശ്രീലക്ഷ്മി എ കെ

ജയഭേരി മുഴക്കാമിനിയും മടിച്ചിടാതെ
സമരവീര്യം പകർന്ന് നമുക്കിനിയും
കൊടുങ്കാറ്റായ് തീജ്വാലയായ്
ഇരുളിൽ സൂര്യന്റെ കിരണമായി
വളരുന്ന മന്നിന്റെ ദാഹമകറ്റാം
മനുഷ്യനെന്ന  ജാതീൽ ദീപം കൊളുത്താം
പുതു പുലരികൾ സ്വയം തീർത്തിടാം
തടവറകൾ താനേ തുറന്നിടാം
മൗനമായി കാഹളമൂതാം
നവജീവൻ പണിതുയർത്താം നമുക്കിനിയും



shutterstock.com · 364952021



ജോഫിൻ ജെയിംസ്

# Obey road safety measures

# <u>let's save life from roads.</u>

Persis Thomas

*Roads safety is the prevention and protection from roads accidents using appropriate measures. As we all are well aware that road accident,injuries and death has been very common how a days. People not following the road traffic rules and safety measures are the main cause of such accident on the road. We always hear in the news or by our friends about the road accident because of the wrong sidedriving,lack of road safety,high speed,drink driving etc. Government hasmade variety traffic and road safety rules for everyone using road for their safety and reducing the no. of daily road accidents.*



*Road safety is must to be said proper attention by each and every person on the earth,whether using vehicles or not children and students are most valuable group towards the road accidentsminor and major injuries and even death because of the lack of adult supervision. According to the statistics it is founded that there are most of the road accidents cause is which children are involved,so they are at high risk than other age group people. They need road safety knowledge and education from early ages. It should be started from their home andschool by adding road safety measures in their syllabus.*

*"People safety" on the road is the one of the most important aspects in order to avoid road side accidents,injury and death. There are various methods of creating awareness among common public such as seminars,workshops,students education by adding basicroad safety lessons to their syllabus,make people aware about green crossroad means stop ,look and listen think their cross, learning of traffic lights,understanding of road signs etc. As a student are car enhance road safety measures by advocating the public and the society on the importance of obeying road safety measures. It'll be benficate not only for us but for our society too,it "we practice road safety rules.*

*We are the coming generation of our world. If we are ready to occupy a favourable change or transformation I'm serve, it'll transform our nation too……yes….. Let's be a part of making our generation and thus our world a heaven to live peace fully…………....*








# മഹത് വചനങ്ങൾ

"വിദ്യാലയങ്ങളിൽ നിന്ന് ഡോക്ടർമാരും എഞ്ചിനീയർമാരും മാത്രം ഇറങ്ങിയാൽ പോര, കലാകാരന്മാരും ഇറങ്ങിവരണം"

-ഡോ.രാധാകൃഷ്ണൻ

"ധീരമായ പ്രവർത്തിയുടെ സുഗന്ധമാണ് പ്രശസ്തി"

-സോക്രട്ടീസ്

"മനുഷ്യസേവനം ഭക്തിയെപ്പോലെ തന്നെ പ്രാധാന്യമാണ്"

-ഗാന്ധിജി

"അജ്ഞത മനസ്സിന്റെ രാത്രിയാണ് ചന്ദ്രനും, നക്ഷത്രങ്ങളുമെല്ലാത്ത രാത്രി" –

കൺഫ്യൂഷ്യണലിസ്റ്റ്

# സ്നേഹസൗഹൃദം

ആദില ഇബ്രാഹിം



സ്നേഹത്തിൻ അമൃതാണ്

സ്നേഹത്തിൻ നിറമാണ്

സൗഹൃദം തിരിനാളം

ജനത്തിലുടനീളം...............

ഹൃദയങ്ങളൊന്നായി സ്വപ്നങ്ങളൊന്നായി

ആത്മാവിൽ ആഴത്തിൽ

ചേരുന്നതെല്ലാമോ... മധുരങ്ങൾ കിനിയുന്ന

മനബുകൾ ചൊല്ലുന്ന

അണയാതെ കാത്തീടാം


സൗഹൃദനിമിഷങ്ങൾ..........

ആരാരും തോൽക്കാതെ

ആരാരും തളരാതെ

ഒറ്റക്കെട്ടായ് നിന്നിടാം

സ്നേഹവീഥിയിലെന്നെന്നും..............



# ഇന്റർനെറ്റ് സാധ്യതകളും അപകടങ്ങളും

അനീന സോയ്

## ഇന്റർനെറ്റ്  എന്ന വിജ്ഞാനശേഖരം

വിദ്യാഭ്യാസം, വാർത്താവിനിമയം, വാണിജ്യം തുടങ്ങിയ രംഗങ്ങളിൽ വമ്പൻ സേവനങ്ങൾ നിർവഹിക്കാൻ പോന്ന അത്ഭുതകരമാ ഒരു കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്റർനെറ്റ് ടെലിഫോൺ സംവിധാനമടക്കംനിരവധി വാർത്താവിനിമയമാർഗങ്ങളാൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന കമ്പ്യൂട്ടർ സഞ്ചയമാണ് ഇന്റർനെറ്റ് എന്നു പറയാം. അതിൽ സമസ്തവിജ്ഞാനവും ശേഖരിക്കപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഭൂമിയിലെ ഏറ്റവും വലിയ നെറ്റ് വർക്കാണ് ഇന്റർനെറ്റ്.

## ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ

ഇന്റർനെറ്റിലൂടെ വിജ്ഞാനം ചികഞ്ഞു കണ്ടുപിടിക്കാമെന്നാണ് പ്രധാന ഗുണം. മറ്റുള്ളവരെ നമ്മളെക്കുറിച്ചും നമ്മുടെ ആവശ്യങ്ങളെക്കുറിച്ചും അറിയിക്കാനും ഇതു സഹായകരമാണ്. കത്തുകളയക്കുക, ചർച്ചകൾ നടത്തുക, സല്ലാപം നടത്തുക എന്നിവയ്ക്കു പുറമെ ഉല്പന്നങ്ങളെക്കുറിച്ച് പരസ്യം ചെയ്യാനും അവ നേരിട്ടു കാണാതെ തന്നെ വിപണനം ചെയ്യാനും ഇതവസരമൊരുക്കുന്നു. ഓൺലൈൻ ആയി ഇങ്ങനെ വ്യാപാരം നടത്തുവാനും ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനും ഇന്റർനെറ്റിലൂടെ സാധിക്കുന്നു.

## വേൾഡ് വൈഡ് വെബ്

ഇന്റർനെറ്റിന്റെ വിഭവകേന്ദ്രങ്ങൾ വെബ്

സൈറ്റുകൾഎന്നാണ്അറിയപ്പെടുന്നത്കോടിക്കണക്കിന് കമ്പ്യൂട്ടറുകളിലായി ഇവ പരന്നുകിടക്കുന്നു. ഇവയിലെ വെബ് പേജുകളെ പരസ്പരം ബന്ധിപ്പിക്കാൻ സഹായിക്കുന്ന വേൾഡ് വൈഡ് വെബ്. ഇത് ഒരു സോഫ്റ്റ് വെയർ ഇന്റർഫേസാണ്. സമാന വിവരങ്ങൾ എവിടെയെല്ലാം ഉണ്ടോ, ആ വെബ്പേജുകളെയെല്ലാം ഒറ്റയടിക്ക് സമാഹരിക്കാനും ബന്ധിപ്പിക്കാനും വേൾഡ് വൈഡ് വെബിനു കഴിയും. ഒരു വെബ്സൈറ്റിൽ നിന്ന് നിശ്ചിതവിവരത്തിനായി.മറ്റൊന്നിലേക്കും അതിൽനിന്ന് മറ്റൊന്നിലേക്കുമുള്ള പ്രയാണമാണ് ബ്രൗസിങ്ങ് എന്നറിയപ്പെടുന്നത്.



## <u>സാമൂഹ്യമാധ്യമങ്ങൾ</u>

ഇന്റർനെറ്റ് വഴിയുള്ള കത്തിടപ്പാടുകളാണ് ഇ-മെയിൽ. കത്തുകളും സന്ദേശങ്ങളും കുറിപ്പുകളും ലേഖനങ്ങളും മറ്റും ഈ ഇലക്ട്രോണിക് മെയിലൂടെ അയയ്ക്കാം. ഇന്റർനെറ്റിലൂടെ സാധ്യമാകുന്ന മറ്റൊരു ആശയ വിനിമയ സമ്പ്രദായമാണ് ടെലികോൺഫറൻസ്. അകലങ്ങളിലിരുന്ന്കൊണ്ട് സംവാദങ്ങളി ലേർപ്പെടാൻ സഹായിക്കുന്ന സംവിധാനമാണിത്. വ്യക്തികൾക്കു തമ്മിൽ നടത്താൻ കഴിയുന്ന പ്രതി ഭാഷണം ആണ് മറ്റൊരു സൗകര്യം. ഇത് ചാറ്റിംങ് എന്നറിയപ്പെടുന്നു.ഇന്റർനെറ്റ് വിപ്ലവം ഒരുപോലെ ഗുണവും ദോഷവും നിറഞ്ഞ ഒരു വിദ്യയാണ്.

## ഇന്റർനെറ്റിന്റെ അപകടസാധ്യതകൾ

സൂര്യനു കീഴിലുള്ള എന്തും ഇന്റർനെറ്റിലൂടെ ലഭ്യമാകും എന്ന സാധ്യത അശ്ലീലതയുടെ ലോകവും ഇന്റർനെറ്റിന് സമ്മാനിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെ മറ്റൊരു ദൂഷ്യവശം അത് വൻതോതിലുള്ള സാമ്പത്തികക്കൊള്ളയ്ക്ക് അവസരമൊരുക്കുന്നു എന്നതാണ്. ഇന്റർനെറ്റിലെ മറ്റൊരു അപകടമാണ് സ്പൈവെയറുകൾ.


## തീരുമാനം നമ്മുടേത്

ഇങ്ങനെ നോക്കുമ്പോൾ ഗുണദോഷസമ്മിശ്രമാണ് ഇന്റർനെറ്റ് എന്ന വിജ്ഞാനവലക്കണ്ണി എന്നു കാണാം. വിരൽത്തുമ്പിൽ വിവരമെത്തിക്കാൻ പോന്ന ഈ നൂതന സാങ്കേതിക സംരംഭം നോക്കുവാനുള്ള നിശ്ചയദാർഢ്യം നമുക്കുണ്ടാവേണ്ടത്.മറ്റൊന്നിലേക്കും അതിൽനിന്ന് മറ്റൊന്നിലേക്കുമുള്ള പ്രയാണമാണ് ബ്രൗസ്ങ്ങ് എന്നറിയപ്പെടുന്നത്.



# തൂവൽസ്പർശം

**ബേസിൽ വർഗീസ്**



പ്രഭാത സൂര്യന്റെ കിരണങ്ങളെറ്റ്
തളർന്ന നിൻ ഹൃദയത്തിൽ
വറ്റാത്ത തുള്ളി ഇനിയുമുണ്ടെങ്കിൻ
എന്തിനു നീ ഇല കൊഴിഞ്ഞ
വൃക്ഷതണലില
തണൽ തേടുന്ന അവശനായ്................

അമ്മതൻ താരാട്ട് കേട്ടുണർന്ന നീ
അമ്മതൻ അമ്മിഞ്ഞപ്പാൽ നുണഞ്ഞ നീ
പിച്ചവച്ച നടന്നു നീങ്ങുന്ന നേരം
നിൻ മനതാരിൽ ഉയർന്ന സ്വപ്നങ്ങൾ
പനിനീർ പൂക്കളായ് വിരിഞ്ഞിടുന്നു
തളിരിട്ട പൂക്കൾ വാടിടാതെ
തിരയൂ എന്നിൽ നീ ഒരു തുള്ളി
കണ്ണീർത്തുള്ളി



# സമുദ്രസൗന്ദര്യം

അലീന ബിജു

വിശാലമാം സമുദ്രം അഗാധമീ സമ്പദ്രം

എന്തൊരു വിസ്മയം എന്തൊരു ചന്തം

തുള്ളി തുളുമ്പും നുരയുമായി തിരകളും

കല്ലും മണ്ണും പാറകളും

ചുരികൾ തിങ്ങും ഗുഹകളും

എല്ലാം എല്ലാം എന്തൊരു ചന്തം

മീനും സ്രാവും ചിപ്പികളും

പമ്പും പൂവും പായലുകളും

എത്ര പറഞ്ഞിലും തീർന്നിടാതെ

പിന്നെയും കാര്യങ്ങൾ എറെയുണ്ട്

റാന്തൽ മത്സ്യങ്ങളെറെയുണ്ട്

എല്ലാം എല്ലാം എന്തെരു ചന്തം



# ഭീതിയുടെ നിഴലിൽ


**ബേസിൽ ബേബി**

ഇന്ന് നാം അഭിമുഖീകരിച്ചുക്കൊണ്ടിരുന്ന പല മാരകരോകങ്ങൾക്കും കാരണം മയക്കുമരുന്ന്,പുകവലി, മദ്യപാനം എന്നിവയാണ്. വിഷമദ്യം മൂലം എത്രയോ കുടുംബങ്ങളാണ് ഇന്ന് അനാഥമായി തീർന്നത്. ഇന്ന് യുവാക്കളും,യുവതികളും,വിദ്യാർത്ഥികളും മദ്യത്തിനും, മയക്കുമരുന്നിനും അടിമകളാണ്. പുകവലി നമ്മുടെ നാട്ടിൽ നിരോധിച്ചു എങ്കിലും നാട്ടിൽ പകുതിയിലധികം ആളുകളും പുകവലി ഇന്ന് ഒരു ശീലമാക്കുകയാണ്. പുകവലിക്കും മദ്യത്തിനും മയക്കുമരുന്നിനും അടിമയായി വാർദ്ധക്യത്തിൽ എത്തുന്നതിനു മുമ്പേ മരിക്കുന്നവരുടെ എണ്ണം നമ്മുടെ നാട്ടിൽ വളരെയേറയാണ്.

വിദ്യാർത്ഥികളായ നാം വരും തലമുറയിലെ ഭാവിവാഗ്ദാനങ്ങളാണ്. അതിനാൽ നാം മദ്യത്തിനും മയക്കുമരുന്നിനും എതിരായി ഉണർന്ന് പ്രവർത്തിക്കണം. എങ്കിലേ നമ്മുടെ നാട്ടിൽ രോഗങ്ങൾ കുറയുകയും കുടുംബങ്ങൾ അനാഥമാകാതിരിക്കുകയുള്ളൂ. നമ്മുടെ നാട്ടിൽ മൂല്യശോഷണം മാറിക്കിട്ടൂ!

ഇന്ന് കോളേജുകളിൽ മിക്ക വിദ്യാർത്ഥികളും മദ്യത്തിനും, മയക്കുമരുന്നിനും, പുകവലിക്കും അടിമകളാണ്. കുട്ടികളായ നാം

കോളേജുകളിൽ മാത്രമല്ല, വേറെ എവിടെയായാലും മദ്യത്തിനും മയക്കുമരുന്നിനും അടിമയാകില്ല എന്ന് പ്രതിജ്ഞചെയ്യണം. ഇല്ലെങ്കിൽ നമുക്ക്




അവയില്ലാതെ ജീവിക്കാൽ കഴിയില്ല എന്ന അവസ്ഥ വന്നു ചേരുമ്പോൾ ആത്മഹത്യയും, മോഷണവും പെരുകുന്നു. നാം ഈ ഒരിക്കലും ഇവയ്ക്ക് അടിമയാകാതിരിക്കാൻ ശ്രമിക്കണം.

"മദ്യം തൊടരുത് കഴിക്കരുത്"

അങ്ങനെ ഈ കൊച്ചു കേരളം

ലഹരിവിമുക്തമാകട്ടെ.

# ലോകനന്മക്കായ്

അനീന ജോയ്

വികൃതമാം ഭാവങ്ങൾ ത്യജിക്കുക നാം
സുകൃതമാം ഭാവങ്ങൾ പ്രാപിയ്ക്ക നാം
അഹിംസ ആയുധമാക്കുക നാം
പരോപകാരം ചെയ്യുക നാം
സാഹോദര്യം വികസിപ്പിക്കുക നാം...
മത്സരബുദ്ധി വെടിയുക നാം
സമാധാനത്തിനായ് കൈ കോർക്കുക നാം.....
വിദ്യയെ അനശ്വരമാക്കുക നാം
ലോകനന്മക്കായി അണിചേരുക നാം
ലോകത്തിൻ ഭാവി നമ്മുടെ കൈകളിൽ.............



# ഗുരു ശിഷ്യബന്ധം

സിസ്റ്റർ റൊസാന്റോ

സാക്ഷരതയിൽ ഏറെ മുന്നിട്ടു നില്ക്കുന്ന ഒരു സംസ്ഥാനമാണ് കേരളം ഇത്തരമൊരു വിദ്യാസമ്പന്നരായ യുവതലമുറയെ വാർത്തെടുക്കുന്നതിൽ ഗുരുക്കൻമാർ വഹിക്കുന്ന പങ്ക് വളരെയാണ്.ഗുരു ശിഷ്യ ബന്ധം എന്നത് രക്ത ബന്ധത്തിന് തുല്യമായിക്കാണുന്നഒന്നാണ്ഗുരുഎന്നവാക്കിനർത്ഥംതന്നെതമസ്സ് അകറ്റുന്നവൻഎന്നാണ്.അജ്ഞതയാകുന്ന ഇരുട്ടിൽത പ്പിത്തടയുന്ന നമ്മെഅറിവാകുന്നവെളിച്ചത്തിലേക്ക്നയിക്കുന്നവരാണ്ഗുരുക്കൻമ ർ .മാതാപിതാ,ഗുരു,ദൈവം എന്നാണ് ചൊല്ല്. പൈതൃകത്തിൽ വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചു കൊണ്ടിരുന്നത്.ഗുരുകുല വിദ്യാഭ്യാസ രീതിയിലൂടെ ആയിരുന്നു. ഗുരുവിന്റെ വായിൽ നിന്നു വീഴുന്ന ഒരോ വാക്കുകൾ വരെയും വിദ്യാർത്ഥികൾ ഹൃദയമാകുന്ന പലകയിൽ എഴുതി സൂക്ഷിച്ചിരുന്നു. മാത്രമല്ല താമസവും മറ്റും ഗുരുവും ശിഷ്യനും തമ്മിൽ വളരെ അഭേദ്യമായ ഒരു ന്ധമാണുണ്ടായിരുന്നത്. ഗുരുശിഷ്യബന്ധത്തെഎടുത്തുകാട്ടുന്നരവധിഉദാഹരണങ്ങൾപുരാണ ങ്ങളിലുംമറ്റുംനമുക്ക്കാണാൻകഴിയുംദ്രോണാചാര്യരും,,അർജ്ജുനനും തമ്മിലുള്ള ബന്ധം വളരെ നല്ല ഒരുഉദാഹരണമാണ്.അളർക്കൻ എന്നു പേരായ ഒരു വണ്ട് തന്റെ തുട തുളച്ച് രക്തം കുടിച്ചപ്പോഴും ഗുരുവിന് നിദ്രാഭംഗം ഉണ്ടാകാതിരിക്കാൻ കർണ്ണൻ വണ്ടനെ തടയാതിരുന്നത് അന്നത്തെ സമൂഹത്തിൽ ഗുരു

എത്രആദരണീയനാണെന്നതിന് ഒരു

തെളിവാണ്.ഗുരുവിന് തന്റെ പെരുവിരൽ നൽകിയ ഏകലവ്യൻ ഗുരുവിനെ എത്രുണമാത്രം സ്നേഹിച്ചിരുന്നു.എന്നും എന്തും അദ്ദേഹത്തിന് നൽകാൻ ഒരു മടിയും കാണിക്കാത്തവനാണെന്നും വ്യക്തമാക്കുന്നു. മാതാപിതാക്കൾക്കുപരി അന്ന് ഗുരുക്കൻമ്മാരെബഹുമാനിച്ചിരുന്നു.ഗുരുവിനെയുംപിതാവിനെയും കണ്ടാൽആദ്യംവണങ്ങുന്നത്ഗുരുവിനെയാണെന്നത്ഗുരുശിഷ്യബന്ധത്തിന്റെ വൈശിഷ്ട്യം വെളിപ്പെടുത്തുന്നു. അധ്യാപകന്റെ സ്നേഹവായ്പ്പോടെയുള്ളപെരുമാറ്റവുംഅധ്യാപനവുംഏതൊരുവിദ്യാർത്ഥിയേയുംസന്തോഷവാനാക്കും.സ്നേഹ സ്മൂണമായ അധ്യാപകന്റെ പെരുമാറ്റം വിദ്യാർത്ഥിയെ ശാന്തനാക്കും എന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ പുരോഗതിയിൽ നിന്ന് ലോകം പുരോഗതിയിലേക്ക് കുതിക്കുമ്പോഴും വിദ്യാർത്ഥികൾ അധ്യാപകർക്കെതിരെ തിരിയുമ്പോൾഗുരുത്വംഇന്നത്തെതലമുറയിൽന്ന്അസ്തമിക്കുന്നു .ആനുകാലിക പ്രസിദ്ധീകരണങ്ങളിലും മറ്റും കാണുന്ന വിദ്യാർത്ഥി സമരങ്ങൾ തന്നെ ഇതിനൊരുദാഹരണം.

ഇന്ത്യയുടെ മുൻ രാഷ്ട്രപതി ശ്രീ കെ.ആർ. നാരായണൻ തന്റെ സത്യപ്രതിജ്ഞ വേളയിൽ തൻെഒന്നാംക്ലാസ്അധ്യാപികയെ കൂട്ടിക്കൊണ്ട് വന്നത് മാധ്യമശ്രദ്ധപിടിച്ചുപറ്റിയിരുന്നു.ചുരുക്കം ചിലരെങ്കിലും ഗുരുത്വം കാത്തുസൂക്ഷിക്കുന്നു എന്നതിന്റെ ഒരു തെളിവാണ്. വിദ്യാഭ്യാസത്തിനു ശേഷം തുടർന്നുള്ള ഭാവി ജീവിതം ശോഭനമാകുവാൻ അധ്യാപകരുടെ അനുഗ്രഹം കൂടിയെ തീരൂ. സൂര്യനിൽ നിന്നുള്ള പ്രകാശം ചന്ദ്രൻ പ്രതിഭതിക്കുന്നത് പോലെ ഒരു നല്ല വിദ്യാർത്ഥിയായി ജീവിക്കാം.



## കണ്ടുപിടുത്തങ്ങൾ

വിമാനം - റൈറ്റ് സഹോദരൻമാർ

അച്ചടിയന്ത്രം - ഗുട്ടൻ ബർഗ്

റേഡിയോ - മാർക്കോണി

റെയിൽവേ എഞ്ചിൻ - സ്റ്റീഫൻസൺ

വാക്സിനേഷൻ - ജെന്നർ

ഗ്രാമഫോൺ - എഡിസൺ

തീപ്പട്ടി - ഗോഡ് ഫ്രെ

കംപ്യൂട്ടർ - ഹെൽറ്റ്

പേന – വാട്ടർ മാൻ

കാൽകുലേറ്റർ - പാസ്കൽ



# <u>കശാപ്പുക്കാരന്റ കാരുണ്യം</u>

നിധിൻ മണികണ്ഠൻ

ഞാനൊരു കശാപ്പുകാരൻ ചുവപ്പുചാറു

കണ്ടു മനം മടുത്തൊരു കരാറുകാരൻ

കഴുത്തറുത്തു ഞാൻ മാടിന്റെ തൊലിയുരിഞ്ഞു

ചുടുമാംസം വെട്ടിയെടുത്തു കൊത്തിയിഞ്ഞു ഞാൻ

എന്റെയുലള്ളു വേദനയാണെങ്കിലും

മാടുകളുടെ കണ്ണിലെ നൊമ്പരം കാണാതെ കമണ്ടു

പക്ഷെ എന്തുചെയ് തിടാൻ

ഒരു നാൾ എൻ മകൾ പൊന്നോമന

മെയ് തളർന്നു വിണു

അന്നേ നാളിൽ കശാപ്പിനായി ഒരു കി വുമെത്തി

പൊൻ മകളുടെ സങ്കടം തിർക്കുവാനായി

ഞാനതിനെ സ്നേഹിച്ചു തുടങ്ങി

മകളും പതിയെ പതിയെ

ഉല്ലാസവതിയായി


പച്ചക്കറിത്തോട്ടം


പച്ചക്കറിത്തോട്ടം

# അമ്പിളി കുന്ന്

കുന്നിൻ പുറത്ത്രു ചാഞ്ഞിരിക്കുന്ന
അമ്പിളിമാമനേ കണ്ടോ.......
ആ അമ്പിളി മാമന് എന്തൊരു ഭംഗി..........
രാത്രിയിൽ നിലാവിൽ മൂടി എൻ വീട്
നിലാവിൽ വെളിച്ചം കണ്ടുഞാനുറങ്ങി.........
രാത്രി മാത്രം കാണുന്ന അമ്പിളിമാമന് എന്ത്
രാത്രിയിൽ സൂഷിച്ച നോക്കി ഞാൻ മേലെ
ആ അമ്പിളി മുഖത്തെന്തൊരു ചിരി.......
[കുന്നിൻ പിറത്ത്രു ]



# മലയാളത്തിളക്കം



# മഹത് വചനങ്ങൾ

സ്വന്തം ദൃഷ്ടിയിൽ ചെറിയവൻ

ജന ദൃഷ്ടിയിൽ വലിയവനാകുന്നു.

മുഹമ്മദ് നബി.

വായിച്ചാൽ വളരും

വായിച്ചില്ലെങ്കിൽ വളയും.

കുഞ്ഞുണ്ണിമാഷ്.

അദ്ധ്യാത്മികതയിലേക്കുള്ള ആദ്യപടി നിർഭയത്വമാണ്

ഭീരുക്കൾക്ക് ഒരിക്കലും സന്മാർഗ്ഗിയാകാൻ കഴിയില്ല.

ഗാന്ധിജി

സ്നേഹിതനുവേണ്ടി ജീവൻബലി കഴിക്കുന്നതിനേക്കാൾ

വലിയ സ്നേഹമില്ല. യേശുക്രിസ്തു





# പഴഞ്ചൊല്ലുകൾ

**1.**കുളത്തോട് കോപിച്ചിട്ട് കുളിക്കാതിരിക്കാമോ?

**2.**മന്ത്രം കൊണ്ട് മാങ്ങാ വീഴുമോ?

**3.**ദാഹിക്കുന്നവരുടെ അടുത്തേക്ക് കിണർ വരുമോ?

**4.**ചന്തമുള്ളതിനു ചായം തേപ്പുണ്ടോ?

**5.**ഞണ്ടിനു തേൻരുചിയറിയുമോ?

**6.**മണലുകൊണ്ട് കയർ പിരിക്കുക.


**7.**ചെകിടന്റെ കാതിൽ ശംഖൂതുക.

**8.**തല്ലു കൊണ്ടാൽ തടവു പഠിക്കും.

**9.**പൂട്ടാത്ത കണ്ടതിൽ വിത്തിടരുത്







# നന്ദിയോടെ

ഈ ഡിജിറ്റൽ മാസികയുടെ നിർമ്മാണത്തിൽ ഞങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ ഹെഡ്മിസ്ട്രസ് ഗ്രേസി ടീച്ചറിനും, ഞങ്ങളുടെ കുറവുളെ നിറവുകളാക്കി ഈ നല്ല ഉദ്യമത്തിനുവലിയ പിന്തുണ നല്കി ഞങ്ങളെ നയിച്ച, എപ്പോഴും ഞങ്ങൾക്ക് ശക്തിയായി കൂടെ നടന്ന് പ്രോത്സാഹിപ്പിച്ച സിസ്റ്റർ റൊസാന്റോയെയും ജോഷി സാറിനെയും, തങ്ങളുടെ മികച്ച ഭാവനകളെ വാക്കുകളും കലാസ്രിഷ്ടികളുമാക്കി ഞങ്ങക്കു പകർന്നു തന്ന എല്ലാ കൂട്ടുകാർക്കും നന്ദിയുടെ നമമലരുകൾ

സ്നേഹത്തോടെ

എഡിറ്റേറിയൽ ബോർഡ്













